# കേരള സർവകലാശാല
# എഞ്ചിനീയറിംഗ് സബ്ഡിവിഷൻ
# തിരുവനന്തപുരം
# സ്ക്രാപ്പ് വില്പ്പന പരസ്യം

കേരള സർവകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ സെനറ്റ് ഹൗസ് ക്യാമ്പസ്സിലെയും തൈക്കാട് വിമെൻസ് ഹോസ്റ്റലിലേയും ഇലക്ട്രിക്കൽ സംബന്ധമായ സ്ക്രാപ്പുകൾ പരസ്യ-ലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ വില്പനയിലൂടെ നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. പരസ്യ ലേലത്തിൻറെയും ക്വട്ടേഷൻറെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല സ്ഥലം | ലേല തീയതിയും സമയവും | ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയും സമയവും | നിരതദ്രവ്യം |
|---|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, സെനറ്റ്-ഹൗസ് ക്യാമ്പസ്, പാളയം, തിരുവനന്തപുരം | 02-08-2024 രാവിലെ **11** മണി | 02-08-2024 രാവിലെ **10:30** മണി | 10000/- |

ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ വെള്ളപ്പേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ മുദ്രവച്ച കവറിനുള്ളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ്ഡിവിഷൻ-II, കാര്യവട്ടം എന്ന വിലാസത്തിൽ നിശ്ചിത സമയത്തിന് മുൻപ് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. വിലയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്ന തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾക്കൊപ്പം ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്തിട്ടുള്ളതും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മാറാവുന്നതുമായ പതിനായിരം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും തിരിച്ചറിയൽ രേഖയുടെ പകർപ്പും (ആധാർ) ഉള്ളടക്കം ചെയ്യേണ്ടതാണ്. വൈകി കിട്ടുന്നതും അപൂർണ്ണമായതും നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.

കാട്ടേഷൻ സമർപ്പിക്കുന്ന കവറിന് മുകളിൽ *സെനറ്റ് ഹൗസ് ക്യാമ്പസ്സിലെയും തൈക്കാട് വിമെൻസ് ഹോസ്റ്റലിലേയും ഇലക്ട്രിക്കൽ സംബന്ധമായ സ്ക്രാപ്പിനുള്ള കാട്ടേഷൻ* എന്ന് രേഖപ്പെടുത്തിയിരിക്കണം.

പരസ്യ ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരായി, തിരിച്ചറിയൽ രേഖയുടെ പകർപ്പും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മാറാവുന്നതും ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്തിട്ടുള്ളതുമായ പതിനായിരം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും ഹാജരാക്കി ലേലത്തിൽ പങ്കുകൊള്ളേണ്ടതാണ്. ലേല നടപടികൾക്ക് ശേഷം കാട്ടേഷൻ ഹാജരാക്കിയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം/കാട്ടേഷൻ നൽകിയ ആൾക്ക് അനുമതിക്ക് വിധേയമായി വിൽപ്പന സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്. ടിയാൻ ലേലം/കാട്ടേഷൻ തുകയും ക്രമപ്രകാരമുള്ള നികുതിയും അടച്ച് ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തിലും സാന്നിധ്യത്തിലും, സാധനസാമഗ്രികൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതാണ്.

വിൽപ്പന സംബന്ധമായി സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള നിയമാവലികൾ ലേലനടപടി ക്രമങ്ങൾക്കും ബാധകമാണ്. വിൽപ്പന സംബന്ധിച്ച അന്തിമ തീരുമാനം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ഏതൊരു ഘട്ടത്തിലും വിൽപ്പന നടപടികൾ നിർത്തിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. വില്പനക്ക് വച്ചിട്ടുള്ള സാധനസാമഗ്രികൾ 2024 **ജൂലായ്-22** മുതൽ **ഓഗസ്റ്റ്-1** വരെ പ്രവർത്തിസമയങ്ങളിൽ പാളയം സെനറ്റ്-ഹൗസ് ക്യാമ്പസ്സിലെ ഇലക്ട്രിക്കൽ സെക്ഷൻ, അസിസ്റ്റൻറ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

20-07-2024 അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ